# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2833

06.11.2019-ലെ മറുപടി

## കോഴിക്കോട് ജില്ലയിലെ ജപ്പാൻകുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ.റഹീം | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രവൃത്തികൾ മന്ദഗതിയിലാകുന്നതു കാരണം ജനങ്ങൾ ഏറെ പ്രയാസപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്; കേരള വാട്ടർ അതോറിറ്റിക്ക ജൈക്ക പദ്ധതിയിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും റോഡുകൾ ഉപയോഗ പ്പെടുത്താമെന്നും പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ പുനരുദ്ധാരണം, ആവശ്യമായ തുക ഈടാക്കി പ്രസ്തുത വകുപ്പ് തന്നെ നിർവ്വഹിക്കേണ്ട താണെന്നുമാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൻ പ്രകാരം കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ റോഡ് കട്ടിംഗിനുള്ള അനുമതിയ്ക്കായി പദ്ധതിയുടെ ആരംഭഘട്ടത്തിൽ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട തുക കേരള വാട്ടർ അതോറിറ്റി അടവാക്കിയിട്ടുള്ളതാണ്. തുടർന്നും ഓരോ സമയത്തും പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള തുക അടവാക്കി റോഡ് കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി യായിട്ടുള്ളതാണ്. പദ്ധതിയുടെ ട്രാൻസ്മിഷൻ മെയിൻ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും വിതരണ ശൃംഖലയുടെ 65% മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ. വിതരണ ശൃംഖലയുടെ പ്രധാന പൈപ്പ് ലൈനുകൾ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിലൂടെയാണ് കടന്നുപോകുന്നത്. ജല സംഭരണി മുതൽ ഉപഭോക്താക്കളുടെ വീടുവരെയുള്ള ഭാഗം എന്ന ക്രമത്തിൽ മാത്രമേ പൈപ്പ് ലൈനുകൾ ചാർജ്ജ് ചെയ്യുന്നതിന് സാധിക്കുകയുള്ളൂ. കൂടാതെ |
| (ബി) | പ്രസ്തുത പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്തത് പൊതുമരാമത്ത് റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പ്രതിബന്ധ മായി മാറിയ സാഹചര്യത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രവൃത്തി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

| ചോദ്യം | | | മറുപടി |
|---|---|---|---|
| | | | 2018, 2019 വർഷങ്ങളിലെ അപ്രതീക്ഷിതമായ പ്രളയം പദ്ധതിയുടെ പൂർത്തീകരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. നിലവിൽ ജൈക്ക പദ്ധതി പൂർത്തീകരിക്കാൻ കാലതാമസമെടുക്കുന്നത് പൊതു മരാമത്ത് വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള കാലതാമസം കൊണ്ടു കൂടിയാണ്. ആയത് പരിഹരിക്കുന്നതിന് ബഹു.എം.എൽ.എ മാർ അദ്ധ്യക്ഷരായ സമിതി കൂടി പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. ഇതിനുള്ള നിർദ്ദേശങ്ങൾ നിലവിലെ കാരാറുകാർക്കു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ